# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1589 — 04/12/2015-ൽ മറുപടിയ്ക്ക്

### നഗരസഭകളിലെ പൊതുശ്മശാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) . | |
| (എ) | കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി നിലവിൽ എത്ര പൊതുശ്മശാനങ്ങളുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും | നിലവിൽ 52 നഗരസഭകളിൽ പൊതുശ്മശാനം നിലവിലുണ്ട്. (5 കോർപ്പറേഷനുകളിലും 47 മുനിസിപ്പാലിറ്റികളിലും)<br><br>പൊതു ശ്മശാനങ്ങളില്ലാത്ത നഗര പ്രദേശങ്ങളിൽ വാതക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നു. ഇരിങ്ങാലക്കുട, മട്ടന്നൂർ, കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി എന്നീ നഗരസഭകൾക്ക് ഇതിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നഗരസഭകളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ പൊതുശ്മശാനങ്ങളില്ലാത്ത ഏതെങ്കിലും നഗരസഭകൾ ഉണ്ടോ : എങ്കിൽ അത്തരം നഗരസഭകളിൽ പൊതുശ്മശാനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ : വിശദമാക്കുമോ : | | |
| (സി) | പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവയുടെ വ്യാപ്തിയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും പുതിയ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതികൾ പരിഗണനയിലുണ്ടോ : എങ്കിൽ വിശദമാക്കുമോ? | (സി) | പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവ ആധുനികവൽക്കരിക്കുന്നതിനും പുതിയത് നിർമ്മിക്കുന്നതിനും പരിഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ